ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ രണ്ടു ഫീൽഡ് സ്റ്റേഷനുകളായ ചേർത്തല, കായംകുളം എന്നിവിടങ്ങളിലും ആലപ്പുഴയിലും മന്ത്രരോഗ നിർണ്ണയ സർവ്വേ നടത്തിവരുന്നു. കൃത്യമായി നടന്നുവരുന്ന സർവ്വേയുടെ ഫലമായാണ് തുടക്കത്തിൽത്തന്നെ മന്ത്രരോഗ ബാധിതരെ കണ്ടെത്താൻ കഴിഞ്ഞത്. പഴയ ഫൈലേറിയ യൂണിറ്റ് നിലവിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിന്റെ പ്രവർത്തനം എല്ലാ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ രോഗനിർണ്ണയം കാര്യക്ഷമമായി നടത്തിവരുന്നു. ഇതുകൂടാതെ വെക്ടർ കൺട്രോൾ ആലപ്പുഴ ജില്ലാ യൂണിറ്റിൽ ചൊവ്വ, വെള്ളി ദിവസങ്ങളിലും ചേർത്തല യൂണിറ്റിൽ തിങ്കളാഴ്ചയും നൈറ്റ് ക്ലിനിക് പ്രവർത്തിക്കുന്നു. 1997 മുതൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ മന്ത്രരോഗ സമൂഹ ചികിത്സാ പരിപാടി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ദേശീയ മാനദണ്ഡങ്ങൾക്കനുസരിച്ച് മന്ത്രരോഗ പ്രതിരോധ ഗുളിക വിതരണവും കഴിപ്പിക്കലും വർഷംതോറും നടത്തിവരുന്നു. ആലപ്പുഴ ജില്ലയിൽ ചേർത്തല ഉൾപ്പെടുന്ന എട്ടു സ്ഥലങ്ങളിൽ 2004-നുശേഷം ഓരോ വർഷവും നടത്തിയ സർവ്വേയിൽ ശരാശരി മന്ത്രരോഗാണു നിരക്ക് ഒരുശതമാനത്തിനു താഴെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 2014-ൽ ആലപ്പുഴ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് നടത്തിയ രാത്രികാല മന്ത്രരോഗാണു സർവ്വേയിൽ 8159 പേരുടെ രക്തം പരിശോധിച്ചതിൽ രണ്ടുപേരിൽ മാത്രമാണ് രോഗാണുക്കൾ ഉണ്ടായിരുന്നത്, 0.02 ശതമാനം. 2015 ജൂലൈ വരെ 5177 പേരുടെ രക്തപരിശോധന നടത്തിയതിൽ മേയ്, ജൂൺ മാസങ്ങളിൽ ഓരോ വ്യക്തികളിൽ രോഗാണുവിനെ കണ്ടെത്തിയിരുന്നു, 0.03 ശതമാനം. ഇതിൽ ഒരു കേസ് ചേർത്തല നഗരത്തിൽ നിന്നുള്ളതാണ്. രോഗാണുക്കൾ ഉള്ളതായി കണ്ടെത്തിയ ആളിന് കൃത്യമായ ചികിത്സ നൽകി. ഇതിൽ നിന്നും ലോകാരോഗ്യ സംഘടന നിഷ്കർഷിച്ചിരിക്കുന്ന ഒരുശതമാനം രോഗാണു നിരക്കിനേക്കാൾ വളരെ കുറവാണ് ആലപ്പുഴ ജില്ലയിലുള്ളതെന്നും മനസ്സിലായി. അതുകൊണ്ട് ചേർത്തലയിൽ മന്ത്രരോഗ വ്യാപന സാധ്യത ആശങ്കപ്പെടുന്ന വിധം ഇല്ലായെന്നുള്ളതാണ് മനസ്സിലാക്കുന്നത്.

VI അറിയിപ്പ്

ചട്ടം ഇളവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ നിയമനിർമ്മാണകാര്യത്തിൽ മൂന്നു ബില്ലുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാമതായി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത 2015-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി

LIBRARY ARCHIVES Kerala Legislative Assembly

(ഭേദഗതി) ബില്ലും രണ്ടാമതായി 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലും മൂന്നാമതായി 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പക്ഷേ അംഗങ്ങൾക്കിടയിൽ പൊതുവെ വന്നിട്ടുള്ള ഒരു ധാരണയനുസരിച്ച് ആദ്യം 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ എടുക്കണമെന്ന അഭിപ്രായമാണ് വന്നിരിക്കുന്നത്. അതനുസരിച്ച് ഇന്നത്തെ നിയമനിർമ്മാണകാര്യത്തിൽ ആദ്യം 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ ആണ് എടുക്കുന്നത്. 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ഉച്ചയ്ക്കശേഷം 1.30-ന് വോട്ടിടണമെന്ന ചട്ടം 153(2) താല്ക്കാലികമായി ഇളവുചെയ്യുന്നു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുത്ത ശേഷം മൂന്നാമത്തെ ബില്ലായി 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ എടുക്കുന്നതാണ്. ഇന്നത്തെ ശേഷിക്കുന്ന സബ്മിഷനുകളുടെ രേഖാമൂലമുള്ള മറുപടി ഇന്നുതന്നെ ബഹുമാനപ്പെട്ട മെമ്പർമാർക്ക് നൽകുന്നതാണ്.

VII മേശപ്പുറത്തു വച്ച കടലാസുകൾ

1. ലിസ്റ്റ് I പ്രകാരം

1. ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

നോട്ടിഫിക്കേഷൻ നമ്പർ 781/Com.Ex/കെ.എസ്.ഇ.ആർ.സി./2015 തീയതി, 23-6-2015.

2. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ.(പി) നമ്പർ 84/2015/എൽ.ബി.ആർ. തീയതി, 8-7-2015 (എസ്.ആർ.ഒ നമ്പർ 458/2015).

3. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ.(പി) നമ്പർ 41/2015/ടാൻ. തീയതി, 30-6-2015 (എസ്.ആർ.ഒ നമ്പർ 421/2015).

LIBRARY ARCHIVES Kerala Legislative Assembly